(ബി) 30-10-2002-ൽ.

(സി) ഫയൽ പരിശോധിച്ചതിൽ മനഃപൂർവ്വമായ കാലതാമസം വരുത്തിയിട്ടുള്ളതായി കാണുന്നില്ല.

(ഡി) പ്രസ്തുത ഫയൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) സർക്കാരിലേയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ ആറ് മാസത്തെ കാലതാമസം വരുത്തിയിട്ടുണ്ട്.

പഞ്ചായത്തുകൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ നൽകുന്നതിനായി സമാഹരിച്ച തുക

109 (1578) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കംപ്യൂട്ടർവൽക്കരിക്കാനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പഞ്ചായത്തുകൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ നൽകാൻ സമാഹരിച്ച തുക വിനിയോഗിച്ചോ ; വിനിയോഗിച്ചില്ലെങ്കിൽ എന്ത് ആവശ്യത്തിനാണ് ചെലവഴിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിനായി എത്ര രൂപയാണ് സമാഹരിച്ചതെന്നും പലിശയടക്കം ഇപ്പോൾ എത്ര രൂപയായെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ബോൾട്ട് (Bolt) അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൂർണ്ണമായി കംപ്യൂട്ടർവൽക്കരിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കംപ്യൂട്ടർവൽക്കരണത്തിനുവേണ്ടി 324 പഞ്ചായത്തുകളിൽ പൂർണ്ണമായും 666 പഞ്ചായത്തുകളിൽ ഭാഗികമായും ഭൗതിക സൗകര്യങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. 5 പഞ്ചായത്തുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ കംപ്യൂട്ടർവൽക്കരണം നടപ്പാക്കിയിട്ടുണ്ട്. 4 കോർപ്പറേഷനുകളിൽ കംപ്യൂട്ടർവൽകൃത ജനസേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) തുക വിനിയോഗിച്ചില്ല. തുക മറ്റാവശ്യങ്ങൾക്ക് ചെലവഴിച്ചിട്ടില്ല.

(സി) ഫോട്ടോസ്റ്റാറ്റ് മെഷീനായി 6.91 കോടി രൂപയാണ് ഗ്രാമ പഞ്ചായത്തുകളിൽനിന്നും സമാഹരിച്ചിട്ടുള്ളത്. പ്രസ്തുത തുക ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുകയാൽ പലിശ ലഭിക്കുകയില്ല.

പി.എഫ്. ക്രെഡിറ്റ് കാർഡ് യഥാസമയം നൽകുവാൻ നടപടി

110 (1574) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് വകുപ്പിൽ പി.എഫ്. ക്രെഡിറ്റ് കാർഡ് യഥാസമയം നൽകുവാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly